No. 34/Est/2017

"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി 3 - 5068/2017/സിഇ/തസ്വഭവ

തീയതി: 17.04.2017

# സർക്കുലർ

വിഷയം:- 2017 - 2018 പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1) 12.04.2017 - ലെ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ സമിതി യോഗത്തിലെ തീരുമാനങ്ങൾ
2) ജി.ഒ(എം.എസ്) നം. 72/2017/തസ്വഭവ തീയതി. 29.03.2017
3) സ.ഉ.(എം.എസ്) നം. 79/2017/തസ്വഭവ തീയതി. 03.04.2017
4) സ.ഉ.(എം.എസ്) നം. 80/2017/തസ്വഭവ തീയതി. 03.04.2017

**************************

2017 - 2018 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, 2016 - 2017 സാമ്പത്തിക വർഷത്തിൽ Carry over ചെയ്തിട്ടുള്ള സ്പിൽ ഓവർ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

1. 2016 - 2017 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ 2017 മെയ് 31 -ന് മുമ്പ് പുർത്തിയാക്കേണ്ടതാണ്. ആയത് മോണിട്ടർ ചെയ്യുന്നതിനായി 2016 - 2017 സാമ്പത്തിക വർഷം നടപ്പിലാക്കിയ സ്പിൽ ഓവർ - റോഡ് / കെട്ടിട നിർമ്മാണ പ്രോജക്ടുകൾ എല്ലാ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളും Google Sheet - ൽ പൂരിപ്പിച്ച് നൽകേണ്ടതാണ്.

ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.celsgd.com – ലെ "Proforma" Page – ൽ നൽകിയിട്ടുള്ള Google Sheet - ൽ 19.04.2017 - ന് മുമ്പായി തന്നെ entry പൂർത്തിയാക്കേണ്ടതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിഗ് വിഭാഗം മേധാവികൾ Google Sheet - ൽ എന്റർ ചെയ്യേണ്ടതും, ഗ്രാമപഞ്ചായത്തുകളിലെ വിവരങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച് എന്റർ ചെയ്യേണ്ടതാണ്. ടി Google Sheet - ൽ login ചെയ്യുന്നതിനായി Project Review 2016 - 17 Google Sheet - ൽ പ്രവേശിക്കുന്നതിനായി ഉപയോഗിച്ചിരുന്ന Google account തന്നെ ഉപയോഗിക്കാവുന്നതാണ്. ഇത് പൂർത്തിയാക്കാത്ത എഞ്ചിനീയർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

(മറുപുറം)

2. എല്ലാ എഞ്ചിനീയറിംഗ് പ്രോജക്ടുകളും നിശ്ചിത തീയതിയ്ക്ക് മുമ്പ് തന്നെ ഡി.പി.സി യ്ക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളും നിശ്ചിത തീയതിയ്ക്ക് മുൻപായി സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതും ജൂൺ - ജൂലൈ മാസങ്ങളിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ആഗസ്റ്റ് 1-ാം തീയതി മുതൽ തന്നെ പൊതുമരാമത്ത് പ്രവൃത്തികൾ ആരംഭിക്കേണ്ടതാണ്.

3. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ സൂചന (1), (2) & (3) ഉത്തരവുകൾ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ സാങ്കേതിക ഉദ്യോഗസ്ഥരും ടി മാർഗ്ഗരേഖകൾ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങളെ സഹായിക്കേണ്ടതാണ്.

4. ഈ സാമ്പത്തിക വർഷം അവസാന quarter (ജനുവരി - മാർച്ച്) – ൽ 30 % പദ്ധതി തുക ചെലവഴിക്കാൻ സാധിക്കുന്ന രീതിയിൽ പദ്ധതി നിർവ്വഹണം ക്രമീകരിക്കേണ്ടതാണ്. മാർച്ച് മാസം 15 % തുക മാത്രം ചെലവഴിക്കുന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. എഞ്ചിനീയർമാർ ടി നിബന്ധന പ്രത്യേകമായി ശ്രദ്ധിക്കേണ്ടതും ആയതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ

*Click here to access the Proforma (google sheet)*
*Corporations, District Panchayats, Block*
*Panchayats & Grama Panchayats*

*Click here to access the Proforma (google sheet)*
*Municipalities*

Sa/-